# സോമാലിയയിലെ പ്രതിസന്ധി

**ഇറാഖിലും** അഫ്ഗാനിസ്താനിലും ലബനാനിലും നേരിട്ട തിരിച്ചടികളിൽനിന്ന് പാഠംപഠിക്കാതെ, മുസ്‌ലിംലോകത്ത് മറ്റൊരു യുദ്ധമുന്നണി കൂടി തുറന്നിരിക്കുകയാണ് ബുഷ് ഭരണകൂടം. അമേരിക്കയുടെ പൂർണ പിന്തുണയോടെ സോമാലിയയിൽ പ്രവേശിച്ച എത്യോപ്യൻ സൈന്യം മറ്റൊരു നിയമവിരുദ്ധ അധിനിവേശത്തിനാണ് തുടക്കമിട്ടിരിക്കുന്നത്.

എന്നാൽ, 16 വർഷത്തിനിടെ രാജ്യത്തിന് സ്വസ്ഥതയും സുരക്ഷയും നൽകിയ, ഏറെ ജനപിന്തുണയുള്ള ഇസ്‌ലാമിക പോരാളികളെ (യൂനിയൻ ഓഫ് ഇസ്‌ലാമിക് കോർട്സ്) തറപറ്റിക്കാൻ ലക്ഷ്യമിട്ട് തുടങ്ങിയ ഈ നീക്കത്തിനു തുടക്കത്തിൽതന്നെ തിരിച്ചടി നേരിട്ടുകഴിഞ്ഞു. എത്യോപ്യൻ ആക്രമണത്തിന് പിന്നാലെ പല നഗരങ്ങളിലും അരങ്ങേറിയ കൊള്ളയും കൊള്ളിവെപ്പും അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ ഇടക്കാല സർക്കാറിനെ നിർബന്ധിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷം തുടക്കത്തിൽ ഇസ്‌ലാമിക പോരാളികൾ തുരത്തിയോടിക്കുന്നതുവരെ സോമാലിയയെ വിറപ്പിച്ചുനിർത്തിയിരുന്ന യുദ്ധപ്രഭുക്കൾ വീണ്ടും തലപൊക്കിയിരിക്കുന്നു. ഇടക്കാല സർക്കാറിനെ നിയമിക്കുന്നതിനു പിന്നിൽ പ്രവർത്തിച്ചിരുന്ന ആഫ്രിക്കൻ യൂനിയൻ, സോമാലിയയിൽനിന്ന് എത്യോപ്യ പിന്മാറണമെന്ന് ആവശ്യപ്പെട്ടുകഴിഞ്ഞു. എക്കാലത്തും അമേരിക്കയുടെയും എത്യോപ്യയുടെയും ഒപ്പംനിന്ന കെനിയ പോലും എത്യോപ്യൻ പിന്മാറ്റം ആവശ്യപ്പെട്ടിട്ടുണ്ട്.

യഥാർഥത്തിൽ പ്രശ്നത്തിന് ഒറ്റ പരിഹാരമേയുള്ളൂ. അന്താരാഷ്ട്ര പെരുമാറ്റച്ചട്ടവും പരസ്പര ബഹുമാനവും കാറ്റിൽപറത്തി അയൽരാജ്യത്ത് അധിനിവേശം നടത്തിയ എത്യോപ്യൻ സൈന്യം നിരുപാധികം പിന്മാറുക. അമേരിക്ക തന്നെ മുൻകൈയെടുത്ത് കഴിഞ്ഞ മാസം തുടക്കത്തിൽ ഐക്യരാഷ്ട്ര സഭാ രക്ഷാസമിതിയിൽ കൊണ്ടുവന്ന പ്രമേയപ്രകാരം സോമാലിയക്കു വേണ്ടി തീരുമാനിച്ച പുതിയ സമാധാനസേനയിൽ അയൽരാഷ്ട്രങ്ങൾക്ക് പ്രവേശനം വിലക്കിയിരുന്നു. അതിനെ അട്ടിമറിച്ചാണ് എത്യോപ്യൻ സേനയുടെ രംഗപ്രവേശം.

ഇറാഖിന്റെയും അഫ്ഗാന്റെയും കാര്യത്തിലെന്നപോലെ, ഭീകരവാദം ആരോപിച്ചുകൊണ്ട് തന്നെയാണ് സോമാലിയയിലും അമേരിക്ക യുദ്ധമുന്നണി തുറന്നിരിക്കുന്നത്. എന്നാൽ യഥാർഥ ലക്ഷ്യമാകട്ടെ തന്ത്രപ്രധാനവും എണ്ണസമ്പന്നവുമായ പ്രദേശത്തിന്റെ നിയന്ത്രണം തന്നെയാണ്. സോമാലിയയുടെ മേൽ നിലനിൽക്കുന്ന യു.എന്നിന്റെ ആയുധ ഉപരോധം മറികടന്നുകൊണ്ട് യുദ്ധപ്രഭുക്കളെ സൈനികമായി സഹായിക്കുന്നുണ്ട് അമേരിക്ക. ഇസ്‌ലാമിക പോരാളികളെ കെട്ടുകെട്ടിക്കുകയാണ് അവരുടെ ലക്ഷ്യം. ഇതേ യുദ്ധപ്രഭുക്കളാണ് 1993-ൽ തങ്ങളുടെ 18 സൈനികരെ കൊന്ന് യു.എൻ സമാധാന സൈന്യത്തെ സോമാലിയയിൽനിന്ന് തുരത്തിയതെന്ന യാഥാർഥ്യം സൗകര്യപൂർവം വിസ്മരിക്കുകയാണ് അമേരിക്ക. യുദ്ധപ്രഭുക്കളെ സഹായിക്കുന്നതുകൊണ്ട് മാത്രം ഇസ്‌ലാമിക പോരാളികളെ അതിജയിക്കാനാവില്ലെന്ന തിരിച്ചറിവിലാണ് അവർ ഇപ്പോൾ എത്യോപ്യൻ സൈന്യത്തെ കൂട്ടുപിടിച്ചിരിക്കുന്നത്.

സോമാലിയയിൽ 'സമാധാനം' പുനഃസ്ഥാപിക്കാൻ രംഗത്തിറങ്ങിയിരിക്കുന്ന എത്യോപ്യയുടെയും ആഭ്യന്തരരംഗം ഒട്ടും മെച്ചമല്ല. ക്രൈസ്തവ ഭൂരിപക്ഷ രാഷ്ട്രമാണെങ്കിലും, അവഗണിക്കാൻ സാധിക്കാത്തവിധം മുസ്‌ലിം ജനസംഖ്യയുണ്ട് എത്യോപ്യയിൽ. അധികാരസ്ഥാനങ്ങളിൽനിന്ന് തങ്ങളെ മാറ്റിനിർത്തുന്നതിനെതിരെ മുസ്‌ലിംകൾ പ്രതികരിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. കഴിഞ്ഞ വർഷത്തെ തെരഞ്ഞെടുപ്പിൽ തോറ്റിട്ടും അമേരിക്കൻ പിന്തുണയോടെ അധികാരത്തിൽ അള്ളിപ്പിടിച്ചിരിക്കുന്ന പ്രധാനമന്ത്രി മെലസ് സെനാവി (Meles Zenawi) യുടെ സ്വേഛാധിപത്യ ഭരണമാണിപ്പോൾ. എന്നാൽ ഐരിത്രിയക്കെതിരായ യുദ്ധത്തിലെന്ന പോലെ രാജ്യം സെനാവിക്ക് പിന്നിൽ ഒറ്റക്കെട്ടായിരിക്കില്ലെന്നുറപ്പാണ്.

തങ്ങളുടെ ലക്ഷ്യപൂർത്തീകരണത്തിന് അമേരിക്ക ഒരിക്കൽകൂടി യു.എന്നിനെ ഉപയോഗപ്പെടുത്തുന്നതിനും സോമാലിയൻ പ്രതിസന്ധി കാരണമായി. മുസ്‌ലിംവിരുദ്ധമെന്ന വിശേഷണം ഉറപ്പിക്കുന്ന തരത്തിലാണ് യു.എൻ പെരുമാറിയത്. രാജ്യത്ത് 'സമാധാനവും സ്ഥിരതയും' പുനഃസ്ഥാപിക്കാനെന്ന പേരിൽ, സോമാലിയയിൽ പ്രവേശിക്കാൻ യു.എൻ പ്രാദേശിക സമാധാന സേനക്ക് അനുവാദം നൽകി. 1991 മുതലുള്ള അരാജകത്വത്തിനും ക്രമസമാധാനമില്ലായ്മക്കും ശേഷം രാജ്യം സമാധാനാന്തരീക്ഷത്തിലേക്ക് തിരിച്ചുവരുന്നുവെന്ന് അന്താരാഷ്ട്ര വാർത്താ ഏജൻസികളെല്ലാം റിപ്പോർട്ട് ചെയ്ത സമയത്തായിരുന്നു ഇത്. സോമാലിയയിലെ സമാധാനത്തിന് കാരണക്കാരായത് ഇസ്‌ലാമിക പോരാളികളാണെന്നതാണ് അമേരിക്കക്കും യു.എന്നിനും ഉൾക്കൊള്ളാനാവാതെ പോയത്. ഇസ്‌ലാമിക പോരാളികളാവട്ടെ രക്തം ചിന്തുന്നതിനു പകരം നിയമവും ക്രമസമാധാനവും പുനഃസ്ഥാപിച്ച് ജനങ്ങളെ കൈയിലെടുത്തായിരുന്നു സ്വാധീനം നേടിയത്. അവർ മാലാഖമാരല്ലായിരിക്കാം. എന്നാൽ, അവർ ചെയ്ത പാതകങ്ങൾ, അന്താരാഷ്ട്ര മര്യാദ ലംഘിച്ച് യുദ്ധപ്രഭുക്കളെ സഹായിച്ച അമേരിക്ക ചെയ്തുകൂട്ടിയ ഭീകരതകളെ അപേക്ഷിച്ച് ചെറുതാണ്.

ഭീകരതയെക്കുറിച്ച് അസ്വസ്ഥപ്പെടാൻ അമേരിക്കക്ക് തീർച്ചയായും അവകാശമുണ്ട്. എന്നാൽ ഭീകരതക്കെതിരായ ഏറ്റവും നല്ല മറുമരുന്നായ സ്ഥിരതയും സമാധാനവും സുരക്ഷയും കഴിഞ്ഞ ഒരു വർഷം സോമാലിയയിലുണ്ടായിരുന്നു. അതിന് കാരണക്കാരോ ഇസ്‌ലാമിക പോരാളികളും. അമേരിക്കയുടെയും എത്യോപ്യയുടെയും ഭീഷണിക്ക് മുഖാമുഖം നിൽക്കുന്ന ഇസ്‌ലാമിക പോരാളികൾക്ക് ശക്തമായ ജനപിന്തുണയുണ്ട്. അവർ ഭീകരതയിലേക്ക് തിരിയാതെ നോക്കേണ്ടത് പ്രശ്നത്തിന് തുടക്കമിട്ടവരുടെ ബാധ്യതയാണ്.

(*ദ ഹിന്ദു* ദിനപത്രം 1.1.2007)

**ഡെയ്‌ലി നാഷനി*ലെ കോളമിസ്റ്റായ ലേഖകൻ 2003-ൽ ഇറാഖിലെ യു.എൻ വക്താവ് കൂടിയായിരുന്നു.

വിവ: പി.പി. ജുനൂബ്